©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂലൈ 3<br>3rd July 2018<br>1193 മിഥുനം 19<br>19th Mithunam 1193<br>1940 ആഷാഢം 12<br>12th Ashadha 1940 | നമ്പർ<br>No. | 27 |

# PART III
# Co-operative Department

REGISTRATION CERTIFICATE

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following societies, the particulars which are furnished in the Categorical Statements are registered by me today as a Co-operative Society under the said Act on the basis of limited liability and that the bye-laws of the undermentioned societies are also hereby registered under the said section.

**Categorical Statements**

(1)

No. O-1348/2018. *21st May 2018.*

1. Name & No. of the Society—Karunagappally Builders and Developers Labour Contract Co-operative Society Ltd. Q. 1674.
2. Date of Registration—21-5-2018.
3. Address—Karunagappally P. O., Kollam.
4. Liability—Limited.
5. Area of operation—The whole area of the Kollam district except Kulathupuzha Panchayat.
6. Main Object—To provide Employment Opportunity to members by taking Construction workers.
7. Type of Society—Labour Contract Co-operative Societies-Primary, as per Rule 15-9 (1).
8. Authorized Share Capital—` 50 lakhs.
9. Maximum Borrowing Power—100 times of paid up Share Capital + Reserve Fund.

(2)

No. O-3372/2018. *19th May 2018.*

1. Name & No. of the Society—Kollam Government Medical College Employees Credit Co-operative Society Ltd. Q. 1673.
2. Date of Registration—19-5-2018.
3. Address—Parippally P. O., Kollam.

4. Liability—Limited.
5. Area of operation—Kollam District.
6. Main Object—Accepting Deposit from members and lending loans, to conduct GDCS, to operate Neethi Medical Store, Consumer Store, Canteen, Medical Lab, Ambulance Service.
7. Type of Society—Short Term/Medium Term-Primary, as per Rule 15-1.A. (3).
8. Authorized Share Capital—` 50 lakhs.
9. Maximum Borrowing Power—100 times of paid up Share Capital + Reserve Fund.

(Sd.)

Office of the Joint Registrar of Co-operative Societies (General), Kollam.

*Joint Registrar of Co-operative Societies (General).*

---

**ക്ലെയിം നോട്ടീസ്**

നമ്പർ എ. ഇ. എൽ.-1589/2018 2018 മേയ് 17.

പത്തനംതിട്ട ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 1-3-2018-ലെ സി. എസ്. 6889/2014-ാം നമ്പർ ഉത്തരവുപ്രകാരം എ. 141-ാം നമ്പർ തിരുവല്ല നിക്കോൾസൺ ഹൈസ്കൂൾ സഹകരണ സംഘം (ക്ലിപ്തം)-ന്റെ പ്രവർത്തനം നിർത്തൽ ചെയ്ത് തിരുവല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ നിരണം യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചിട്ടുള്ളതാകുന്നു. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക കിട്ടാനുണ്ടെങ്കിൽ ആ വിവരം നോട്ടീസ് പരസ്യപ്പെടുത്തിയ തീയതി മുതൽ രണ്ട് മാസത്തിനകം ലിക്വിഡേറ്ററായ എന്നെ നേരിട്ടോ ചുമതലപ്പെടുത്തിയ ഏജന്റ് മുഖാന്തിരമോ അറിയിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ പൊതുജനങ്ങളെയും സംഘാംഗങ്ങളെയും അറിയിച്ചുകൊള്ളുന്നു.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ ആഫീസ്, പത്തനംതിട്ട.

(ഒപ്പ്)
ലിക്വിഡേറ്റർ/നിരണം യൂണിറ്റ് ഇൻസ്പെക്ടർ.

---

## ആലപ്പുഴ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

[ഹാജർ : ഷാജി ജോർജ്, ജോയിന്റ് രജിസ്ട്രാർ (ജനറൽ)]

നമ്പർ എ.ഇ.എൽ.-9014/2015. 2018 ഏപ്രിൽ 27.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം—എ.854-ാം നമ്പർ മാവേലിക്കര താലൂക്ക് ആട്ടോറിക്ഷാ തൊഴിലാളി സഹകരണ സംഘം (ക്ലിപ്തം)-1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) ഈ ഓഫീസിലെ 17-12-2015-ലെ എച്ച്. എം. 4909/13-ാം നമ്പർ ഉത്തരവ്.

(2) ലിക്വിഡേറ്ററുടെ 25-4-2018-ലെ 4/2018 നമ്പർ ഉത്തരവ്.

(3) മാവേലിക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 26-4-2018-ലെ 4/2018-ാം നമ്പർ കത്ത്.

എ.854-ാം നമ്പർ മാവേലിക്കര താലൂക്ക് ആട്ടോറിക്ഷാ തൊഴിലാളി സഹകരണ സംഘം (ക്ലിപ്തം)—ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 73(3) അനുസരിച്ച് അന്തിമമായി സമാപ്തീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർ ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവ് അംഗീകരിച്ചുകൊണ്ട് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (3) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെപറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ.854-ാം നമ്പർ മാവേലിക്കര താലൂക്ക് ആട്ടോറിക്ഷാ തൊഴിലാളി സഹകരണ സംഘം (ക്ലിപ്തം)—ന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം 74-ാം വകുപ്പ് പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ലഭ്യമായ റിക്കാർഡുകൾ ലിക്വിഡേറ്റർ മൂന്നു വർഷം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ ഓഫീസ്, ആലപ്പുഴ.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

**ക്ലെയിം നോട്ടീസ്**

(1)

നമ്പർ 505/2017. 2018 ഏപ്രിൽ 16.

ബഹുമാനപ്പെട്ട ആലപ്പുഴ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) അവർകളുടെ 25-4-2016-ലെ എച്ച്. എം. 6653/13 നമ്പർ ഉത്തരവുപ്രകാരം ചെങ്ങന്നൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ചെങ്ങന്നൂർ യൂണിറ്റ് ഇൻസ്പെക്ടറെ ചെങ്ങന്നൂർ താലൂക്ക് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം (ക്ലിപ്തം) എ. 1067-ന്റെ ലിക്വിഡേറ്ററായി നിയമിച്ചിട്ടുള്ളതാണ്. ഈ സംഘത്തിൽ നിന്നും ആർക്കെങ്കിലും ഏതെങ്കിലും തുക കിട്ടാനുണ്ടെങ്കിൽ ആ വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ രണ്ട് മാസത്തിനകം ലിക്വിഡേറ്ററെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഈ സംഘത്തിലേക്ക് എന്തെങ്കിലും ഇനത്തിൽ തുക അടയ്ക്കാനുണ്ടെങ്കിൽ ആയത് ഈ ആഫീസിൽ നേരിട്ട് വന്ന് അടച്ച് രസീത് വാങ്ങേണ്ടതാണെന്നും ഇതിനാൽ പൊതുജനങ്ങളെയും സംഘം അംഗങ്ങളെയും അറിയിക്കുന്നു.

(2)

നമ്പര്‍ 649/2017. 2018 ഏപ്രില്‍ 20.

ബഹുമാനപ്പെട്ട ആലപ്പുഴ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാര്‍ (ജനറല്‍) അവര്‍കളുടെ 16-1-2013-ലെ സി. ആര്‍. ബി. 44/13/2011 നമ്പര്‍ ഉത്തരവുപ്രകാരം ചെങ്ങന്നൂര്‍ അസിസ്റ്റന്റ് രജിസ്ട്രാര്‍ (ജനറല്‍) ആഫീസിലെ ചെങ്ങന്നൂര്‍ യൂണിറ്റ് ഇന്‍സ്പെക്ടറെ ചെങ്ങന്നൂര്‍ സഹകരണ കാര്‍ഷിക ഗ്രാമ വികസന ബാങ്ക് (ക്ലിപ്തം) നമ്പര്‍ 1151-ന്റെ ലിക്വിഡേറ്ററായി നിയമിച്ചിട്ടുള്ളതാണ്. ഈ സംഘത്തില്‍ നിന്നും ആര്‍ക്കെങ്കിലും ഏതെങ്കിലും തുക കിട്ടാനുണ്ടെങ്കില്‍ ആ വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതല്‍ രണ്ട് മാസത്തിനകം ലിക്വിഡേറ്ററെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഈ സംഘത്തിലേക്ക് എന്തെങ്കിലും ഇനത്തില്‍ തുക അടയ്ക്കാനുണ്ടെങ്കില്‍ ആയത് ഈ ആഫീസില്‍ നേരിട്ട് വന്ന് അടച്ച് രസീത് വാങ്ങേണ്ടതാണെന്നും ഇതിനാല്‍ പൊതുജനങ്ങളേയും സംഘം അംഗങ്ങളെയും അറിയിക്കുന്നു.

സഹകരണസംഘം അസിസ്റ്റന്റ്
രജിസ്ട്രാര്‍ (ജനറല്‍) ആഫീസ്,
മിനി സിവില്‍ സ്റ്റേഷന്‍, (ഒപ്പ്)
ചെങ്ങന്നൂര്‍. ലിക്വിഡേറ്റര്‍.